കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# *വെട്ടിക്കവല ഗ്രാമ പഞ്ചായത്ത്*

## *ഓഡിറ്റ് റിപ്പോർട്ട്*

## *2017-18*

കേരള സംസ്ഥാന ഓഡിറ്റ്കൊല്ലം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail: doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൽ.എം പി11/417/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
തീയതി-08.05.2019

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

പ്രസിഡന്റ് സെക്രട്ടറി മുഖേന

വെട്ടിക്കവല ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :വെട്ടിക്കവല ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ

പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

കെ.എസ്.എ/കെ.എൽ.എം/പി11/417/19 തീയതി:08.05.2019

.

കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ

2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17-02-2017 മുതൽ 23-02-2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.പി.മാത്യൂറോയി<br>ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25-02-2019 മുതൽ<br>11-03-2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.അമ്പിളി.എം.ഡി. | ഓഡിറ്റ്ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി.സിജാറാണി.എസ് | അസിസ്റ്റന്റ് ഓഡിറ്റ്ഓഫീസർ |
| | ശ്രീമതി.പത്മകുമാരി.എൽ | അസിസ്റ്റന്റ് ഓഡിറ്റ്ഓഫീസർ |
| | ശ്രീമതി.റജിന.എ.എസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പ്രീത മാത്തുക്കുട്ടി | 01-04-2017മുതൽ<br>31-03-2018 വരെ |
| സെക്രട്ടറി | ശ്രീ.എസ്.ഷിബു | 01-04-2017മുതൽ<br>31-03-2018വരെ |
| കൃഷി ഓഫീസർ | ശ്രീമതി.നാസിയ ഷെരീഫ് | 01-04-2017മുതൽ<br>31-03-2018വരെ |
| വെറ്ററിനറി സർജൻ | ഡോ.സജിത്ത് സാം | 01-04-2017മുതൽ<br>31-03-2018വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സുരേഷ്.കെ.ജി | 01-04-2017മുതൽ<br>31-03-2018വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.രമ്യ.ആർ | 01-04-2017മുതൽ<br>19-10-2017FN വരെ |
| | ശ്രീമതി.ലത.കെ | 19-10-2017AN മുതൽ<br>27-11-2017 വരെ |
| | ശ്രീമതി.സ്മിത.എസ് | 27-11-2017AN മുതൽ<br>31-03-2018വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീ.സുധീഷ്കുമാർ.എസ് | 01-04-2017മുതൽ<br>31-03-2018വരെ |
| മെഡിക്കൽഓഫീസർ | ഡോ.സന്തോഷ്കുമാർ.കെ.ആർ. | 01-04-2017മുതൽ |

| | | |
|---|---|---|
| പി.എച്ച്.സി | | 31-03-2018വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.ഒ.രമാദേവി അമ്മാൾ | 01-04-2017മുതൽ<br>31-03-2018വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഐ.അനിതകുമാരി. | 01-04-2017മുതൽ<br>31-03-2018വരെ |
| വി.ഇ.ഒ | ശ്രീ.അജയ് വർഗ്ഗീസ്. | 01-04-2017മുതൽ<br>20-07-2017വരെ |
| | ശ്രീമതി.മേരിക്കുട്ടി ജോസഫ്. | 20-07-2017മുതൽ<br>31-07-2017വരെ |
| | ശ്രീ.അനീഷ്ചന്ദ്രൻ | 01-08-2017മുതൽ<br>31-03-2018വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി) | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | ചട്ടവിരുദ്ധമായി രസീത്ബുക്ക് അച്ചടിച്ച് തുക പിരിക്കുന്നു | 2-1 |
| 14 | ലൈസൻസ് പുതുക്കാതെ 70ഓളം സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നു. | 2-2 |
| 15 | ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല | 2-3 |
| | ഭാഗം-3 | |
| 16 | IKM-വിഹിതം -അധികം തുക ഒടുക്ക് വരുത്തി | 3-1 |
| 17 | വിനിയോഗവിശദാംശങ്ങളില്ല-ചെലവ് തടസ്സപ്പെടുത്തുന്നു | 3-2 |
| 18 | ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്ന കുറഞ്ഞനിരക്കിലുള്ള സൈക്കിൾ വാങ്ങിയില്ല | 3-3 |

| | | |
|---|---|---|
| 19 | രേഖകളില്ല-ചെലവ് തടസ്സപ്പെടുത്തുന്നു. | 3-4 |
| 20 | തൊഴിൽ രഹിതവേതനവിതരണം-തിരിച്ചടക്കാൻ ശേഷിക്കുന്ന തുക-6000/-രൂപ | 3-5 |
| 21 | രേഖകൾ ഹാജരാക്കിയില്ല-ചെലവ് തുക 10,000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-6 |
| 22 | ഓഫീസ് വാഹനത്തിൽ യാത്ര ചെയ്തതിന് ഫുൾ ഡി.എ.കൈപ്പറ്റി -അധികം 1,000/- രൂപ. | 3-7 |
| 23 | പഞ്ചായത്ത് വാഹന ഉപയോഗം-ലോഗ്ബുക്ക് പരിപാലനത്തിൽ അപാകതകൾ | 3-8 |
| 24 | ഗുണഭോക്തൃസമിതി നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ രേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-9 |
| | ഭാഗം 4 | |
| 25 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 28 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 32 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 35 | അനുബന്ധം-1<br>ഓഡിറ്റ് സാക്ഷ്യപത്രം | 1 |
| 36 | അനുബന്ധം-2<br>അനുബന്ധപത്രികകൾ | 2 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

27-03-2017തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 21-02-2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച | അപാകത പരിഹരിച്ച് ലഭിച്ച |
|---|---|---|---|

| | | തീയതി | തീയതി |
|---|---|---|---|
| 31-07-2018 | 31-05-2018 | 07-06-2018 | 30-08-2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 30-08-2018 & 31-08-2018 | കെ.എസ്.എ/കെ.എൽ.എം /പി11/1592/18/10-09-18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,54,43,089 |
| വരവ് | 8,11,85,723 |
| ആകെ | 10,66,28,812 |
| ചെലവ് | 9,69,39,938 |
| നീക്കിയിരിപ്പ് | 96,88,874 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 2,34,14,000 | 2,34,14,000 | 1,93,90,596 | 40,23,404 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 1,32,66,591 | 1,32,66,591 | 1,11,56,587 | 21,10,004 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 2,998 | 2,998 | 0 | 2,998 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 53,94,000 | 53,94,000 | 42,59,626 | 11,34,374 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 52,30,425 | 52,30,425 | 29,46,148 | 22,84,277 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 1,29,05,754 | 1,29,05,754 | 1,25,18,187 | 3,87,567 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | 0 | 47,82,416 | 47,82,416 | 33,87,378 | 13,95,038 |
| സാക്ഷരത | | 1,58,919 | 6,074 | 1,64,993 | 0 | 1,64,993 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ. | തൊഴിലാളികളുടെ കൂലി | 0 | 2,58,28,150 | 2,58,28,150 | 2,58,28,150 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ആർ.ഇ.ജി.എസ് | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 69,022 | 9,76,499 | 10,45,521 | 9,82,652 | 62,869 |
| ഐ.സി.ഡി.എസ് | | 11,00,128 | 9,31,258 | 20,31,386 | 3,25,900 | 17,05,486 |
| എസ്.എസ്.എ | | 12,069 | 462 | 12,531 | 0 | 12,531 |
| സമ്പൂർണ്ണ ശുചിത്വം | | 7,10,092 | 1,87,247 | 8,97,339 | 2,14,200 | 6,83,139 |
| കേരളോത്സവം | | 0 | 20,000 | 20,000 | 20,000 | 0 |
| വിമുക്തി | | 25,000 | 12,500 | 37,500 | 12,500 | 25,000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 2,96,250 | 2,96,250 | 2,96,250 | 0 |
| | ജില്ലാ പഞ്ചായത്ത് | 91,294 | 13,49,000 | 14,40,294 | 9,60,985 | 4,79,309 |
| ബി ഫണ്ട് | | 0 | 1,36,560 | 1,36,560 | 1,36,560 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | ട്രഷറി അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1,05,32,822 | 1,03,33,351 | 2,08,66,173 | 1,55,32,345 | 53,33,828 |
| | ട്രഷറി അക്കൗണ്ട് | 1,26,77,489 | 1,32,78,000 | 2,59,55,489 | 2,47,33,770 | 12,21,719 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 335 | 1,113,77,669 | 201 | 6,36,61,337 | 0 | 134 | 60 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,58,21,997 | 2,58,21,997 | 2,58,21,997 | 0 |
| ഭരണചെലവുകൾ | 69,022 | 9,76,499 | 10,45,521 | 9,82,652 | 62,869 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,36,560 | 283 |
| കർഷകതൊഴിലാളി പെൻഷൻ | 72,45,800 | 249 |
| വിധവാപെൻഷൻ | 1,88,97,900 | 343 |
| വാർദ്ധക്യകാലപെൻഷൻ | 3,07,23,800 | 325 |
| വികലാംഗപെൻഷൻ | 60,32,700 | 198 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 4,20,000 | 28 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-02-2019-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 76,076/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

കൃത്യമായ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജന പ്രകാരം ജീവനക്കാർ പരിപാലിച്ചു വരുന്നുണ്ട്. നികുതിപിരിവിന്റെ കാര്യക്ഷമത ധനകാര്യസ്റ്റാന്റിംഗ് കമ്മിററി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുകയും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ ചിട്ടയോടെ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്, ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങി സൂക്ഷിക്കുന്നുണ്ട്. സ്വയം പിൻവലിക്കൽ നടത്തുന്ന ചെക്കുകൾ പ്രകാരമുള്ള തുകകളിൽ ചെലവഴിക്കാൻ ശേഷിക്കുന്ന തുക പെറ്റി/സബ്സിഡിയറി കാഷ് ബുക്കിൽ ഉൾപ്പെടുത്തി അവയുടെ വിനിയോഗം എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ആയത് പൂർണ്ണമായും പ്രാവർത്തികമാക്കുന്നില്ല. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിച്ചുവരുന്നുണ്ട്. ആസ്തിരജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി അഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ ശക്തമായി

നിലനിർത്തേണ്ടതുണ്ട്.

**1-11** മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-02-2019 | 01/19 | ലഭ്യമാക്കിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമാക്കിയിട്ടില്ല | 13-14 മുതൽ 17-18 വരെ | 24-10-2018 |

**1-12** വാർഷികധനകാര്യപത്രികിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു

1)ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ രജിസ്റ്റർ പ്രകാരം ലഭിക്കാനുള്ള തുക 30,000/-രൂപയാണെങ്കിലും 39,000/-രൂപ ബി-8 ഷെഡ്യൂളിൽ അസറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

2)450430102-ഹെഡ്ഡിൽ SCB MN ലക്ഷംവീട് ഹൗസിംഗ് സ്കീം അക്കൗണ്ടിൽ 3,160,826/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

3)410200104 Buildings Burial Grounds ഇനത്തിൽ 2,29,722/-രൂപ ആസ്തിയായി കാണിച്ചിട്ടുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിന് Burial Ground ഇല്ല.

4)2016-17 വർഷം ബി-11 (എ) ഷെഡ്യൂൾ പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഇനത്തിൽ 3,72,998/- രൂപയുണ്ട്. 2017-18 വർഷം ഇത് ആസ്തിയാക്കി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6)IOB e-payment A/c. AFS പ്രകാരം 58,226/-രൂപയും Reconciliation Bank Statement 52016/-രൂപയുമാണ്. Reconciliation Statement ൽ വ്യത്യാസം 6210/-രൂപയുമാണ്. Directly Debited by Bank എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സഞ്ചയ സ്റ്റേറ്റ്മെന്റിൽ 31.03.2018-ൽ പ്രോപ്പർട്ടി ടാക്സ് ഇനത്തിൽ 6210/- രൂപ വരവ് വന്നതായും കാണിച്ചിരിക്കുന്നു.

7)Face value of Furniture and Fixtures

2016-17-ൽ 14,72,463/- രൂപ

2017-18-ൽ 18,29,843/- രൂപ

വ്യത്യാസം 3,57,380/-രൂപ

എന്നാൽ RP 38 പ്രകാരം 2,90,680/- രൂപ

8)മാർക്കറ്റ് വരവ്, ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല

a)ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷ ഡിമാന്റ് 855400/-രൂപയാണ്. (Receipt & Payment (RP 43 of 2017-18) പ്രകാരം 3,95,000/-(തൻവർഷ കളക്ഷൻ) രൂപയും 2016-17 ബാലൻസ് ഷീറ്റ് B9 പ്രകാരം മാർക്കറ്റ് വരവ് അഡ്വാൻസ് 10,60,900/-ഉം ഉൾപ്പടെ ആകെ 14,55,900/-രൂപയുമാണ്. വരവ് തുക ഡിമാന്റ് തുകയേക്കാൾ വർദ്ധിച്ചിരിക്കുന്നു.

b)മാർക്കറ്റ് വരവ് രജിസ്റ്റർ പ്രകാരം 2017-18-ലേക്കുള്ള ഡിമാന്റ് കളക്ഷൻ തുകകൾ 8,58,500/-രൂപയും അക്കൗണ്ട്സ് പ്രകാരമുള്ള ഡിമാന്റ് തുക 8,55,400/-രൂപയുമാണ്.

പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ-

ഇ.എം.എസ്സ്-ലോൺ തിരിച്ചടവിന്റെ വിവരങ്ങൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രികയിൽ ഉൾപ്പെട്ടു വന്നിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ചട്ടവിരുദ്ധമായി രസീത്ബുക്ക് അച്ചടിച്ച് തുക പിരിക്കുന്നു

വെട്ടിക്കവല ഗ്രാമപഞ്ചായത്തിനു കീഴിലുള്ള ശിശുമന്ദിരത്തിന്റെയും പബ്ലിക്ക് ലൈബ്രറിയുടേയും വരവ് തുകകൾ പഞ്ചായത്ത് സ്വന്തമായി അച്ചടിച്ച രസീതു ബുക്കുകൾ മുഖേനയാണ് ഈടാക്കുന്നത്. പ്രസ്തുത ബുക്കുകൾക്ക് നമ്പർ നല്കിയിട്ടില്ല. ജി.ഒ (എം.എസ്) നം.83/11 തസ്വഭവ. തീയതി 28.03.2011 ഉത്തരവു പ്രകാരം നിർദ്ദിഷ്ട മാതൃകയിലുള്ള രസീതു ബുക്കുകൾ മാത്രമേ പഞ്ചായത്തുകളിൽ ഉപയോഗക്കുവാൻ പാടുള്ളു. ഇതിന് വിരുദ്ധമായി പ്രത്യേകം രസീതുബുക്കുകൾ അച്ചടിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 2-2 ലൈസൻസ് പുതുക്കാതെ 70ഓളം സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നു.

സ്ഥാപനങ്ങളുടെ അപേക്ഷകൾ, ലൈസൻസ് രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ 2016-17 ൽ വിവിധ വ്യാപാരവ്യവസായ പ്രവർത്തനങ്ങൾക്കായി ലൈസൻസ് എടുത്ത ഏകദേശം 70 ഓളം സ്ഥാപനങ്ങൾ 2017-18ൽ ലൈസൻസ് പുതുക്കിയിട്ടില്ലെന്ന് കണ്ടു.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232-ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ മനുഷ്യന്റെ ജീവനോ, ആരോഗ്യത്തിനോ, വസ്തു വകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കുന്നുണ്ട്. കൂടാതെ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസം മുമ്പാണെന്നും പഞ്ചായത്ത് രാജ് ആക്റ്റിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ലൈസൻസോ അനുവാദമോ ഇല്ലാതെ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇവയിൽ നിന്നും പിഴപ്പലിശ സഹിതം ഈടാക്കി ലൈസൻസ് പുതുക്കി നല്കേണ്ടതാണ്. ലൈസൻസ് നല്കാൻ സാധിക്കാത്ത സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തി വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

| ക്രമ നം | സ്ഥാപനംനടത്തുന്ന വ്യക്തിയുടെ പേര് | വാർഡ് നം./ കെട്ടിട നം. | സ്ഥാപനത്തിന്റെ വിവരം | 2016-17ൽ ഈടാക്കിയ | |
|---|---|---|---|---|---|
| | | | | ലൈസൻസ് ഫീസ് | തൊഴിൽ നികുതി |
| 1 | ബിജുതോമസ്സ്, ചരുവിളപുത്തൻ വീട് | 2/298,297 | ഗ്രീൻവാലി ആഡിറ്റോറിയം | 500/- | 2500/- |
| 2 | കോശി.പി.മാത്യൂ, പടിഞ്ഞാറേ വീട് | 2/724 | റബ്ബർവ്യാപാരം, പി.വി.എസ്.റബ്ബർ | 100/- | 600/- |
| 3 | അജി.ജേക്കബ് ജോൺ, ഗണേഷ്.എസ്, എ.ജി ഫ്രഷ് , സദാനന്ദപുരം | 2/802,803,804 | കോൾഡ് സ്റ്റോറേജ്, ഫിഷ്,മീറ്റ്,വെജിറ്റബിൾ സ്റ്റാൾ | 100/- | 600/- |
| 4 | തോമസ്.റ്റി.എം, ഉമ്പാശ്ശേരി,അരിപ്ലാച്ചി | 2/894 | ഹാപ്പിഡേയ്സ് ഷോപ്പ്& റെസ്റ്റോറന്റ് | 500 | 1500 |
| 5 | അജികുമാർ, അശ്വതി, കോട്ടൂർ | 2/693 | അക്ഷസ് ഗാർമെന്റ്സ് & ലേഡീസ് ടെയിലറിംഗ് | 100 | 600 |
| 6 | ജോബിജോൺ, ഉണ്ടി പറമ്പിൽ വീട് | 2/48 | ഗ്രേസ് ഏജൻസി | 200 | 900 |
| 7 | രാജീവ്.എസ്.എസ്, പുണർതം | 2/809,811 | യു.കെ.മാർക്കറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ്. | 300 | 900 |
| 8 | ഉമ്മൻ ബേബി, മേലൂട്ട് പുത്തൻ ബംഗ്ലാവ് | 2/85 | മേലൂട്ട് കേബിൾ യൂണിറ്റ് | 100 | 600 |
| 9 | ഉമ്മൻ ബേബി, മേലൂട്ട് പുത്തൻ ബംഗ്ലാവ് | 2/86 | മേലൂട്ട് റബ്ബർ സ്റ്റോർ | 100 | 600 |
| 10 | മറിയക്കുട്ടി , കാഞ്ഞിരം വിള വീട്. | 2/850 | ബേബി എൻജിനീയറിംഗ് വർക്ക്സ് | 200 | 900 |
| 11 | ഗീവർഗ്ഗീസ് , റൂബി കോട്ടേജ് | 2/528എ | റോബിൻ ഹോളോ ബ്രിക്സ് , | 500 | 2000 |
| 12 | എം.ജെ.ബിനു മേക്കാട് വീട, പനവേലി | 2/687 | അലുമിനിയം ഫാബ്രിക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻ | 200 | 600 |
| 13 | അൻസർ.എ, അൻസർ മൻസിൽ | 4/590 | South indian plyboard 52 HP | 500 | 1500 |
| 14 | ബിജു.എസ്, സുകുമാര വിലാസം | 4/620 | റെയിൻബോ ഇൻഡസ്ട്രീസ് & വർക്ക് ഷോപ്പ് | 300 | 900 |
| 15 | ബാബു,നിഷാഭവൻ | 6/703 | നീനു പച്ചക്കറി സ്റ്റാൾ | 100 | 600 |
| 16 | ശാന്തമ്മ,എസ്.വി. പുത്തൻ വീട് | 6/510 | Hitech,iron grid,carton box | 300 | 1500 |
| 17 | മനോജ്കുമാർ, മൈലാടിയിൽ വീട് | 6/133എ | വാവാ ഹോളോബ്രിക്ക്സ് | 1000 | 2500 |
| 18 | സാദിക്ക് സിറാജ്മൻസിൽ | 6/603എ | സജാദ് സ്റ്റോഴ്സ് | 1000 | 2500 |

| | | | | | |
|---|---|---|---|---|---|
| 19 | സുഗതൻ. എൽ , അപർണ്ണ. | 6/213 | മംഗലശ്ശേരിയിൽ റബ്ബർ സ്റ്റോഴ്സ് | 100 | 600 |
| 20 | പി.വൈ.ജോൺ, ബൈജു ഭവൻ | 8/410 | ബൈജു റബ്ബർ സ്റ്റോഴ്സ് | 100 | 600 |
| 21 | ഹിദായത്തുള്ള | 8/562 | എസ്.എൻ സ്റ്റോഴ്സ് | 100 | 600 |
| 22 | ഹയറുന്നിസ , പാലക്കുന്നിൽ വീട് | 8/454 | പച്ചക്കറി | 100 | 600 |
| 23 | തങ്കച്ചൻ മാത്യു, പി.റ്റി.എം ഹൗസ് | 8/501 | എം.ജെ.സ്റ്റോഴ്സ്,പലചരക്ക് വ്യാപാരം | 100 | 600 |
| 24 | സക്കീർ ഹുസൈൻ , പനയറ താഴതിൽ | 8/518 | എസ്.കെ.ആർ, കോൾഡ് സ്റ്റോറേജ് | 200 | 900 |
| 25 | മാത്യു.പി.പി, പാറവിള പുത്തൻ വീട് | 9/102 | പാറവിള റൈസ് മിൽ | 100 | 600 |
| 26 | മത്തായി,മനുഭവൻ | 9/568 | മനു സ്റ്റോഴ്സ് | 200 | 900 |
| 27 | മത്തായി,മനുഭവൻ | 9/13 | മനു ഹാർഡ് വെയേഴ്സ് | 200 | 900 |
| 28 | ബാബു.പി.കെ, പാറവിള കൊച്ചു വീട് | 9/110 | സ്റ്റേഷനറി, വർക്ക് ഷോപ്പ്. | 200 | 600 |
| 29 | രമ്യശ്രീ, വസന്തഭവൻ | 11/567 | ലെജന്റ്സ് ഇന്ത്യ സ്റ്റിച്ചിങ്ങ് യൂണിറ്റ് | 300 | 1200 |
| 30 | ജോർജ്ജ്കുട്ടി, ജോസ് വിലാസം | 10/468 | കെ.ജി.സ്റ്റോഴ്സ് | 100 | 600 |
| 31 | വൈ.പൊടിയൻ കുഴിവിള പുത്തൻ വീട് | 11/557 | സ്പ്രേ പെയിന്റിംഗ് & ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് | 200 | 600 |
| 32 | ഷിബു വർഗ്ഗീസ്, ചെമ്പാലകുന്നിൽ | 12/302 | ചെമ്പാലകുന്നിൽ സ്റ്റോഴ്സ് | 100 | 600 |
| 33 | കെ.ബാബു വിളയിൽ വീട്. | 13/361 | വിളയിൽ സ്റ്റോഴ്സ് | 100 | 600 |
| 34 | ജയകുമാർ ആർ ദേവികാഭവൻ | 13/392 | ബാർബർ ഷോപ്പ് | 100 | 360 |
| 35 | അനുരാജ്,പുലരി | 13/381 | രാജ് ഫർണീച്ചർ | 100 | 600 |
| 36 | ബാല ചന്ദ്രൻ നായർ, കുടകര പടിഞ്ഞാറ്റതിൽ | 13/421 | കാലിത്തീറ്റ വിൽപ്പന | 100 | 600 |
| 37 | സോമവല്ലി, സൗമ്യഭവനം | 14/503 | അശ്വതി സ്റ്റോഴ്സ് | 100 | 600 |
| 38 | അസൻകുഞ്ഞ് റാവുത്തർ, കാക്കോട്ടു താന്നിവിള | 14/174,175 | പല ചരക്ക് | 100 | 600 |
| 39 | സെയ്തലവി, മുബാറക് മൻസിൽ | 14/282 | നെടുമ്പാറയിൽ ബേക്കറി | 100 | 360 |
| 40 | സുജ വി നായർ, നാരായണ മന്ദിരം | 14/548 | സ്റ്റാർ പൗൾട്രി ഫാം, | 100 | 600 |
| 41 | ബാലചന്ദ്രൻനായർ, രേവതി | 14/260 | ബാലു സ്റ്റോഴ്സ് | 100 | 600 |

| | | | | | |
|---|---|---|---|---|---|
| 42 | സജി ബെന്ന്യാം<br>പ്ലാവിള വീട് | 15/207,208 | എസ്.ആർ. മൊബൈൽസ് | 100 | 600 |
| 43 | സന്തോഷ് ഉണ്ണിത്താൻ,<br>മിഥില | 15/587 | ചന്ദ്രാ നഴ്സിങ്ങ് ഹോം | 500 | 2500 |
| 44 | ശാന്തകുമാരി, അയ്യപ്പാസ് | 15/552 | സ്റ്റേഷനറി | 100 | 600 |
| 45 | അശോകൻ,<br>എസ്.ആർ ഭവൻ | 17/217 | ശ്രീ ഹരിഹര പുത്ര വുഡ് വർക്ക്സ് | 100 | 600 |
| 46 | രമേശ്.ആർ,<br>കൊല്ലൂർ പുത്തൻവീട് | 17/92എ | എ.ആർ സ്റ്റോർ | 200 | 900 |
| 47 | വിജയമ്മ നടരാജൻ<br>താന്നി വിള പുത്തൻ വീട് | 17/56 | സ്റ്റേഷനറി വ്യാപാരം | 100 | 600 |
| 48 | കുഞ്ഞുകുട്ടി,<br>വലിയഴികത്ത് വീട് | 17/174 | ജിതിൻ സ്റ്റോഴ്സ് | 100 | 600 |
| 49 | ജൂലി റോയ്സ് | 17/629 | ആൽവിൻ സ്റ്റോഴ്സ് | 300 | 900 |
| 50 | ബിന്ദു,<br>ചരുവിള പുത്തൻ വീട് | 17/79 | റബ്ബർ വ്യാപാരം | 200 | 600 |
| 51 | പൊടിയൻ എം,<br>ഷാജുഭവൻ | 18/191 | പൊടിയൻ സ്റ്റോഴ്സ് | 100 | 600 |
| 52 | റ്റി.ഒ.അലക്സാണ്ടർ,<br>താന്നിവിള വീട് | 18/529 | മുട്ടകോണത്ത് ആയുർവ്വേദ ക്ലിനിക്കൽ ലാബ് | 200 | 2000 |
| 53 | റോയ്സ് എബ്രഹാം<br>കെ.കെ.ഹൗസ് | 18/168 | ആൽവിൻ റെസ്റ്റോറന്റ് & ഹോട്ടൽ | 300 | 900 |
| 54 | ജോൺ വൈ,<br>കുന്നവിളപടിഞ്ഞാറ്റതിൽ | 18/137 | പലചരക്ക് വ്യാപാരം | 100 | 360 |
| 55 | സജിജോൺ,<br>പറങ്കിമാം മുകളിൽ വീട് | 19/114 | പലചരക്ക് വ്യാപാരം | 100 | 600 |
| 56 | സുജലക്ഷ്മി, ചരുവിള വീട് | 19/155,616,617 | തയ്യൽ യൂണിറ്റ്, | 100 | 600 |
| 57 | ശ്രീകാന്ത്.പി.വി, | 19/616,617 | പവിത്രം ടെക്സ്റ്റോഷോപ്പി,ഗൃഹോപകരണം | 100 | 600 |
| 58 | കെ.പി.ബേബികുട്ടി,<br>കൃപാലയം | 19/256 | കൃപ | 100 | 600 |
| 59 | വി.എസ്.ജയചന്ദ്രൻ,<br>ജയ നിവാസ് | 19/612 | അമൃത ഡിജിറ്റൽ സ്റ്റുഡിയോ | 100 | 600 |
| 60 | ജി.മാധവൻ പിള്ള<br>തെക്കടത്ത് പുത്തൻ വീട് | 20/572 | ശക്തി സ്റ്റോർ,<br>സ്റ്റേഷനറി വ്യാപാരം | 100 | 600 |
| 61 | വൈ.ലൂക്കോസ്,<br>മുകലുവിള വീട് | 20/528 | കെസിയ സ്റ്റോഴ്സ്,<br>ബേക്കറി &സ്റ്റേഷനറി | 100 | 600 |
| 62 | ചന്ദ്രൻ പിള്ള,<br>അരുൺ ഭവൻ | /20/557 | അമ്മ കാറ്ററിംഗ് സർവ്വീസ് | 200 | 900 |
| 63 | എബ്രഹാം, മഞ്ജു ഭവൻ | 20/570 | മഞ്ജു പ്രൊവിഷൻ സ്റ്റോർ | 100 | 600 |
| 64 | ബൈജുലാൽ, കൈരളി | 20/536 | ഗ്രാമീൺ ടെക്സ് | 300 | 900 |
| 65 | ജയശ്രീ ബൈജുലാൽ | 20/677 | ഗ്രാമീൺ അപ്പാരൽസ്, | 500 | 1500 |

| | | | | | |
|---|---|---|---|---|---|
| | | | ചെറുകിട തയ്യൽ യൂണിറ്റ് | | |
| 66 | മണിലാൽ, മണി ഭവനം | 20/620 | ടൂ വീലർ വർക്ക് ഷോപ്പ് | 300 | 600 |
| 67 | ശരത്, ശ്യാം നിവാസ് | 20/90 | അമ്മ ഈവന്റ്സ് | 100 | 600 |
| 68 | വിഷ്ണു, എം,വിഷ്ണു ഭവൻ | 20/458&459 | അമ്പാടി ബേക്കറി &സുനിൽ സ്റ്റോർ | 200 | 600 |
| 69 | സുരേന്ദ്രൻ, സുധീഷ് ഭവനം | 20/59 | ബേക്കറി | 100 | 600 |
| 70 | രമേശ്.ആർ, കൊച്ചു പുത്തൻ വീട് | 20/610 | എ.കെ.ഡിസ്റ്റിബ്യൂട്ടേഴ്സ് | 200 | 900 |
| | | | ആകെ | 14,200/- | 59,780/- |

മേൽ ലൈസൻസ് പുതുക്കാതിരുന്നത് മൂലം മേൽ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നീയിനത്തിൽ മാത്രം ഗ്രാമപഞ്ചായത്തിന് തൻവർഷം 73,980/- (14200+59780) രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുള്ളതായി കണക്കാക്കുന്നു. ടി സ്ഥാപനങ്ങളിൽ നിന്നും പിഴ സഹിതം ലൈസൻസ് ഫീ ഈടാക്കി ഒടുക്കുവരുത്തിയതിന്റെ രേഖകൾ ഹാജരാക്കാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം.6/8.3.19

## 2-3 ഇ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നിർവ്വഹണം നടത്തിയ പ്രവത്തികളുടെ ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല

1)സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം-09/18, തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രവ്യത്തി നടപ്പിലാക്കുന്നതിനായി ഇ-ടെണ്ടർ ക്ഷണിച്ചപ്പോൾ ലഭിച്ച ടെണ്ടർ ഫീ നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വന്നിട്ടില്ല. മേൽ ടെണ്ടറിൽ മൂന്ന് ബിഡർമാരാണ് പങ്കെടുത്തിരുന്നത്. ടെണ്ടർ ഫീയിനത്തിൽ 1,416/-രൂപ ക്രമത്തിൽ ആകെ 4,248/-രൂപ പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാകേണ്ടതുണ്ട്.

2)അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം-334/18-പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ എന്ന പ്രവ്യത്തിയുടെ ഇ-ടെണ്ടറിൽ ടെണ്ടർ ഫീയിനത്തിൽ 2,100/-രൂപ വീതം മൂന്ന് ബിഡർമാർ ഒടുക്ക് വരുത്തിയിരുന്നതും പഞ്ചായത്ത് ഫണ്ടിൽ വന്നിട്ടില്ല.

3) അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഇ-ടെണ്ടർ പ്രവ്യത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കേണ്ട വരവുകൾ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിലവിൽ ക്രഡിറ്റായി വന്നിട്ടുള്ളത്. ആയത് തിരികെ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.03/07.03.19

ഓഡിറ്റ് എൻക്വയറി നം.05/07.03.19

## ഭാഗം-3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 IKM-വിഹിതം -അധികം തുക ഒടുക്ക് വരുത്തി

പ്രോജക്ട് നം-06/2018

ഫണ്ട്-വികസനഫണ്ട്(ജനറൽ) 1,50,000/-രൂപ

ചെലവ്-1,22,647/-രൂപ

ബിൽ നം-13/17-18/28-12-2017

നിർവ്വണോദ്യോഗസ്ഥൻ -ഗ്രാമപഞ്ചായത്ത് സെക്രട്ടറി

സർക്കാർ ഉത്തരവ്-1228/2016/ത.സ്വ.ഭ.വ/08-03-2016 പ്രകാരം ഗ്രാമപഞ്ചായത്തുകൾ അവയ്ക്ക് കിട്ടുന്ന പ്ലാൻഫണ്ടിന്റെ 0.25% ഐ.കെ.എം-നുള്ള വിഹിതമായി ഒടുക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. തൻവർഷം ഗ്രാമപഞ്ചായത്തിന് വികസനഫണ്ട് ജനറൽ, എസ്.സി.പി, ടി.എസ്.പി വിഹിതമായി അനുവദിച്ചിരുന്ന തുക 3,66,83,589/-രൂപ ആണ്. ആയതിന്റെ 0.25% 91709/-രൂപ ആയിരിക്കേ ഐ.കെ.എം-ൽ നിന്നുമുള്ള ജി.പി/2017/ഐ.കെ.എം/ 31-10-2017 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്ന 1,22,647/-രൂപയും ഒടുക്കിയിട്ടുണ്ട്. 30,938/- രൂപ അധികമായി ഒടുക്കിയിരിക്കുന്നത് തിരികെ ഈടാക്കുന്നതിനോ തുടർന്നുള്ള വർഷങ്ങളിൽ ഒടുക്കേണ്ട വിഹിതത്തിൽ ക്രമീകരിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.3/7.3.19

## 3-2 വിനിയോഗവിശദാംശങ്ങളില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണഉദ്യോഗസ്ഥൻ- ഗ്രാമപഞ്ചായത്ത് സെക്രട്ടറി

പ്രോജക്ട് നം-5/17-18

ഫണ്ട്-മെയിന്റനൻസ് ഗ്രാന്റ്-(റോഡിതരം)

ബിൽ നം-26/17-18/28-03-2018

തുക-2,44,020/-

ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറി, സദാനന്ദപുരം ലൈബ്രറി രണ്ടാം നില, കരിക്കം-ചക്കുവരക്കൽ ഐ.സി.ഡി.പി സബ്സെന്ററുകൾ എന്നീ സ്ഥാപനങ്ങളുടെ ഇലക്ട്രിഫിക്കേഷനായി തുക കൊല്ലം, പി.ഡബ്ല്യു.ഡി-ഇലക്ട്രിക്കൽ വിംങ്ങിൽ ഒടുക്ക് വരുത്തിയിരിക്കുകയാണ്. പ്രവൃത്തിയുടെ പൂർത്തീകരണ/തുകയുടെ വിനിയോഗവിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രവൃത്തി പൂർത്തീകരിച്ചെന്നും വിനിയോഗവിവരം ലഭ്യമായിട്ടില്ലെന്നും മറുപടി ലഭ്യമാക്കി. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക-2,44,020/-രൂപ

ഓഡിറ്റ് എൻക്വയറി നം-03/07-03-2019

**3-3** <u>ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്ന കുറഞ്ഞനിരക്കിലുള്ള സൈക്കിൾ വാങ്ങിയില്ല</u>

പ്രോജക്ട്- പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ

നിർവ്വഹണ ഉദ്യോഗസ്ഥ-അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നം-334/18 (Spill Over Project)

ഫണ്ട് അടങ്കൽ -വികസനഫണ്ട് (ജനറൽ)-1,75,593/-രൂപ

എസ്.സി.പി ഫണ്ട്-4,98,048/-രൂപ

ധനകാര്യകമ്മീഷൻ ഗ്രാന്റ്-1,09,400/-രൂപ

തനത് ഫണ്ട്-1,42,552/-രൂപ
ആകെ അടങ്കൽ-9,25,593/-രൂപ

ചെലവ് തുക-ആകെ മുൻവർഷത്തിൽ ഉൾപ്പെടെ നടത്തിയ ചെലവ്-7,47,456/-രൂപ

2017-18 ലെ ചെലവ്-4,98,048/-രൂപ

ബിൽ നം-05/17-18/20-07-2017

8,9,10 ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനുള്ള മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചപ്പോൾ ലഭിച്ച കുറഞ്ഞനിരക്കിൽ സൈക്കിൾ വാങ്ങിയില്ല. വിശദാംശങ്ങൾചുവടെചേർക്കുന്നു.

പ്രോജക്ടനമ്പർ334/18 തൻവർഷംനടപ്പിലാക്കിയ സ്പിൽ ഓവർ പദ്ധതിയാണ്. ആകെ 9,25,593/-രൂപ അടങ്കൽ വകയിരുത്തിയ പദ്ധതി നടപ്പിലാക്കുന്നതിനായി ഇ-ടെണ്ടർ ക്ഷണിച്ചിരുന്നതിൽ മൂന്ന് സ്ഥാപനങ്ങൾ പങ്കെടുത്തു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സൈക്കിൾ വാങ്ങുന്നതിനായിരുന്നു പദ്ധതി ലക്ഷ്യം. എന്നാൽ ലഭിച്ച ഇ-ടെണ്ടറുകളിൽ ആൺകുട്ടികൾക്കുള്ളതെന്നോ പെൺകുട്ടികൾക്കുള്ളതെന്നോ വേർതിരിച്ച് കാണിക്കാതെ ഒരു സൈക്കിളിന്റെ വില മാത്രമാണ് കാണിച്ചിരുന്നത്. ഇ-ടെണ്ടറിനൊപ്പം സമർപ്പിച്ചിരുന്ന ഹാർഡ്കോപ്പിയിൽ വിവിധ മോഡൽ സൈക്കിളുകളുടെ നിരക്കുകൾ ഉൾപ്പെടുത്തി നൽകുകയും ചെയ്തിരുന്നു. ടെണ്ടറിൽ പങ്കെടുത്തവരിൽ മുരളി സെക്കിൾ മാർട്ട് കരുനാഗപ്പള്ളി 3,149/-രൂപയും, വീനസ്സ്-3,805/-രൂപയും, അയണിക്കൽ എന്ന സ്ഥാപനം 3,910/-രൂപയും ഇ-ടെൻഡറിൽ ക്വാട്ട് ചെയ്തിരുന്നു. എന്നാൽ ഇ-ടെൻഡറിലെ കുറഞ്ഞ നിരക്കായ3184/-രൂപ പരിഗണിച്ചില്ല എന്നു മാത്രമല്ല ടെണ്ടറിന്റെ ഹാർഡ് കോപ്പിയോടൊപ്പം ലഭ്യമാക്കിയ നിരക്കുകളിലെ ഏറ്റവും കുറഞ്ഞനിരക്കിലുള്ള സൈക്കിളുകൾ ഗുണനിലവാരത്തിൽ താഴെയാണെന്ന കാരണത്താൽ ഉയർന്ന നിരക്കിലുള്ള സൈക്കിൾ വാങ്ങി .

പെൺകുട്ടികൾക്ക് 4,097/-രൂപ നിരക്കിലുള്ള സൈക്കിളും ആൺകുട്ടികൾക്ക് 3,888/- രൂപ നിരക്കിലുള്ള സൈക്കിളുകളുമാണ് വാങ്ങിയത്. ടി രീതിയിൽ വാങ്ങിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 13-03-17 ൽ കൂടിയ പ്രോക്യൂർമെന്റ് കമ്മിറ്റി ഗുണനിലവാരമുള്ള സൈക്കിൾ വിതരണം ചെയ്യുന്നതിനായി തീരുമാനിക്കുകയായിരുന്നെന്ന് അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകി. പഞ്ചായത്ത് നൽകിയ ടെണ്ടർ സ്പെസിഫിക്കേഷനിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ സ്പെസിഫിക്കേഷൻ നൽകിയിരുന്നെങ്കിലും

ഇ-ടെണ്ടറിൽ ബിഡർക്ക് BOQ-ൽ ഒരു റേറ്റ് മാത്രമാണ് രേഖപ്പെടുത്താൻ കഴിഞ്ഞിരുന്നുള്ളുവെന്നും മറുപടി നൽകി.

ആകെ 188 സെക്കിൾ (ആൺകുട്ടികൾക്ക് 109 എണ്ണം, പെൺകുട്ടികൾക്ക് 79 എണ്ണം) വാങ്ങിയതിൽ ഇ-ടെണ്ടർ നിരക്കിൽ വാങ്ങുമായിരുന്നെങ്കിൽ ചെലവാകുമായിരുന്ന തുക 592012/-രൂപ(3149x188) ആയിരുന്നു. എന്നാൽ ടി നിരക്കുകൾ പരിഗണിക്കാതെ ഉയർന്ന നിരക്കിൽ സൈക്കിളുകൾ വാങ്ങിയത് മൂലം 7,47,456/-രൂപ ആകെ ചെലവായിട്ടുണ്ട്. ടി തുകയിൽ തൻവർഷം ചെലവഴിച്ചത് 4,98,048/-ആണ്. ഉയർന്ന നിരക്കിലുള്ളവ വാങ്ങിയത് മൂലം 1,55,444/-രൂപ അധികമായി ചെലവഴിച്ചിരിക്കുന്നു. അധികമായി ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം.5/7-3-19

നിരാകരിച്ച തുക-1,55,444/-രൂപ

### 3-4 <u>രേഖകളില്ല ചെലവ് -തടസ്സപ്പെടുത്തുന്നു.</u>

അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം നടപ്പിലാക്കിയ ചുവടെ സൂചിപ്പിക്കുന്ന പ്രവൃത്തികളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 7.3.19 തീയതിയിലെ ഓഡിറ്റ് റിക്വസിഷൻ നം 4 (ശ്രീ.ശിവകുമാർ, സെക്രട്ടറി മുഖേന) പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കാതിരുന്ന പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | ബിൽ നമ്പർ/ തീയതി | ബിൽ തുക (രൂപ) | പ്രോജക്ടിന്റെ പേരും ഫണ്ടിനവും |
|---|---|---|---|---|
| 1 | S0322/18 | 7/17-18<br>29/6/17 | 1,55,774/- | ക്യാമ്പിയിൽ ഭാഗം കപ്യാര്‌മുക്ക് ഏലാറോഡ് കോൺക്രീറ്റിംഗ് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| 2 | S068/18 | 10/17-18<br>29/6/17 | 74,127/- | ഉളിയനാട് അംഗൻവാടി മെയിന്റനൻസ്- MG(NR) |
| 3 | S0141/18 | 11/17-18<br>29/6/17 | 10,430/- | കത്തനാക്കൽ കൊച്ചുകുന്നുംപുറം റോഡ് കോൺ ക്രീറ്റിംഗ്- (CFC) |
| 4 | S0141/18 | 12/17-18<br>29/6/17 | 1,80,000/- | കത്തനാക്കൽ കൊച്ചുകുന്നുംപുറം റോഡ് കോൺ ക്രീറ്റിംഗ്- CFC &MG(R) |
| 5 | S083/18 | 16/17-18<br>26/7/17 | 1,88,700/- | കാരാപ്പള്ളി ഐ.എ.സി.ഏലാറോഡ് കോൺക്രീറ്റിംഗ് (നിരപ്പിൽ) (ധനകാര്യ കമ്മീഷൻ) |
| 6 | S0144/18 | 30/17-18<br>10/8/17 | 1,60,091/- | കൈതത്തോട് മുസ്ലീം പള്ളി റോഡ് കോൺക്രീറ്റിംഗ് (ലോകബാങ്ക് ധനസഹായം) |
| 7 | S0119/18 | 41/17-18<br>30/8/17 | 98,525/- | തേമ്പ്ര കളയ്ക്കാട് ഏലാറോഡ് (വികസനഫണ്ട്(SCP)) |
| 8 | S070/18 | 43/17-18<br>30/8/17 | 1,41,354/- | പാലമുക്ക്കോളനി റോഡ് സംരക്ഷണ ഭിത്തി -(MG)(R) |
| 9 | S0166/18 | 44/17-18<br>30/8/17 | 24,752/- | മൂലംകുഴി കുടിവെള്ള പദ്ധതി- MG(NR) |
| 10 | S0153/18 | 51/17-18<br>28/11/17 | 1,57,924/- | വെട്ടക്കവല കുരണ്ടിപ്പള്ളി റോഡ് സംരക്ഷണഭിത്തി (രണ്ടാംഘട്ടം) (ലോക ബാങ്ക് ധനസഹായം) |
| 11 | S0113/18 | 57/17-18<br>28/12/17 | 46,894/- | തലച്ചിറ ഐറ്റിക്കോണം ഏലാ റോഡ്- MG(R) |
| 12 | S0123/18 | 80/17-18<br>15/2/18 | 1,62,322/- | തെങ്ങിൻകോട് കല്ലടപുരയിടം റോഡ് -MG(R) |
| 13 | S092/18 | 81/17-18 | 2,90,000/- | കൊല്ലോണം പാലൂർ |

| | | | | |
|---|---|---|---|---|
| | | 15/2/18 | | റോഡ്(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| 14 | S0117/18 | 101/17-18<br>1/3/18 | 2,33,456/- | N.S auditorium കാവിൻകീഴ് കോളനി റോഡ് പാർശ്വഭിത്തി (വികസനഫണ്ട് (SCP)) |
| 15 | S095/18 | 114/17-18<br>15/3/18 | 35,338/- | കോട്ടവട്ടം ക്ഷേത്രം കരിക്കുഴി തോട് റോഡ് സൈഡ് കെട്ടം, കോൺക്രീറ്റിംഗം-MG(R) |
| 16 | S095/18 | 117/17-18<br>15/3/18 | 3,50,000/- | കോട്ടവട്ടം ക്ഷേത്രം കരിക്കുഴി തോട് റോഡ് സൈഡ് കെട്ടം, കോൺക്രീറ്റിംഗ് MG(R) (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| 17 | S0135/18 | 118/17-18<br>17/3/18 | 1,49,999/- | മാതേര്കാവ് നടുവേലിൽ കനാൽ ലിങ്ക്റോഡ് (പാർശ്വ ഭിത്തി) MG(R) |
| 18 | S0198/18 | 122/17-18<br>17/3/18 | 2,10,407/- | പ്ലാപ്പള്ളി കോണത്ത് ഏലാറോഡ് (വികസനഫണ്ട്(ജനറൽ)) |
| 19 | S0250/17-18 | 125/17-18<br>17/3/18 | 1,78,126/- | കുഴിയത്ത് ഏലാ റോഡ് കോൺക്രീറ്റിംഗ് (വികസനഫണ്ട്- (SCP)) |
| 20 | S0243/18 | 133/17-18<br>22/3/18 | 4,02,841 | മാലുവില ചാവരുതുണ്ടിൽ റോഡ് കോൺക്രീറ്റിംഗ് (ധനകാര്യ കമ്മീഷൻ) |
| 21 | S0197/18 | 136/17-18<br>22/3/18 | 1,71,654/- | പാറക്കുന്നിൽ ചാരുംകുഴി കുരിയാണി ഏലാറോഡ് കോൺക്രീറ്റിംഗ് (വികസനഫണ്ട്- (SCP)) |
| 22 | S0231/18 | 137/17-18<br>22/3/18 | 98,222/- | മൂലക്കരികത്ത് ഭാഗം പനവേലിക്കോണം ഏലാറോഡ് കോൺക്രീറ്റിംഗ്-(CFC) |
| 23 | S0127/18 | 141/17-18<br>23/3/18 | 1,88,607/- | തലച്ചിറ മുസ്ലീം പള്ളി റോഡിൽ ഐറിഷ് ഓടനിർമ്മാണം (ധനകാര്യ കമ്മീഷൻഗ്രാന്റ്) |
| 24 | S0159/18 | 142/17-18<br>23/3/18 | 2,73,925/- | ബ്ലാക്കോണം മഞ്ഞാടിപ്പാറ കോളനി റോഡ് പാർശ്വഭിത്തി (വികസനഫണ്ട് -(SCP)) |
| 25 | S0108/18 | 148/17-18<br>26/3/18 | 4,433/- | കള്ളിത്തല കുഴിവേലി ഏലാ റോഡ് സംരക്ഷണഭിത്തി |

| | | | | |
|---|---|---|---|---|
| | | | | നിർമ്മാണം- MG(R) |
| 26 | S0108/18 | 149/17-18 28/3/18 | 1,80,000/- | കള്ളിത്തല കുഴിവേലി ഏലാ റോഡ് സംരക്ഷണഭിത്തി നിർമ്മാണം -(ധനകാര്യ കമ്മീഷൻ) |
| 27 | S0294/18 | 152/17-18 28/3/18 | 1,14,130/- | തലച്ചിറ തൈയ്ക്കാവ് മുകളൂവിള ഇലവും പച്ച പി.എച്ച്.സി റോഡ് നിർമ്മാണം -MG(R) |
| 28 | S0126/18 | 156/17-18 27/3/18 | 1,50,000/- | കട്ടപ്പാറ കോളനി റോഡിന് ഓട നിർമ്മാണം -MG(R) |
| 29 | S0161/18 | 159/17-18 27/3/18 | 1,42,412/- | അണറനംകുഴി പുള്ളിപ്പാറ പാർശ്വഭിത്തി നിർമ്മാണം- MG(R) |
| 30 | S078/18 | 160/17-18 27/3/18 | 2,00,000/- | പൂയപ്പള്ളിക്കോണം റോഡ് സംരക്ഷണ ഭിത്തി- (വികസന ഫണ്ട് (SCP)) |
| 31 | S0107/18 | 161/17-18 27/3/18 | 1,86,267/- | കോട്ടവട്ടം തിരുമുറ്റ കോളനി റോഡ് പാർശ്വഭിത്തി നിർമ്മാണം (വികസന ഫണ്ട് (SCP)) |
| | ആകെ | | 49,60,710/- | |

പദ്ധതി നിർവ്വഹണ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം-49,60,710/-രൂപ

## **3-5** <u>തൊഴിൽ രഹിതവേതനവിതരണം-തിരിച്ചടക്കാൻ ശേഷിക്കുന്ന തുക-**6000/-**രൂപ</u>

2017-18 ലെ തൊഴിൽ രഹിത വേതനവിതരണരേഖകൾ പരിശോധിച്ചതിൽ വിതരണത്തിന് പിൻവലിച്ച തുകയിൽ 6000/-രൂപ കൂടി തിരിച്ചടക്കാനുള്ളതായി ബോദ്ധ്യപ്പെട്ടു. 2017-18 ലെ തൊഴിൽ രഹിത വേതനവിതരണത്തിന്റെ രേഖകൾ ആവശ്യപ്പെട്ടതിൽ അക്വിറ്റൻസ് രജിസ്റ്ററുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്(റോൾ നം 6 മുതൽ 1862 വരെ ഉൾപ്പെട്ട 1മുതൽ 16 രജിസ്റ്ററുകൾ). വിതരണരജിസ്റ്ററുകളോ സബ്സിഡിയറി ക്യാഷ് ബുക്കോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ രജിസ്റ്ററുകൾ പ്രകാരം 224 വ്യക്തികൾക്ക് ചുവടെ ചേർക്കും പ്രകാരം വേതനം വിതരണം ചെയ്തിട്ടുണ്ട്.

| തൊഴിൽ രഹിത വേതനം കൈപ്പറ്റിയ വ്യക്തികളുടെ എണ്ണം | തുക (രൂപ) | ആകെ വിതരണം ചെയ്ത തുക |
|---|---|---|
| 211 | 600 | 1,26,600/- |
| 7 | 360 | 2,520/- |

| | | |
|---|---|---|
| 3 | 240 | 720/- |
| 2 | 120 | 240/- |
| 1 | 480 | 480/- |
| ആകെ-224 | | 1,30,560/- |

ബിൽ ബുക്ക് (29-8-17ലെ 6-ാം നം ബിൽ) പ്രകാരം 1,69,800/-രൂപയാണ് തൊഴിൽ രഹിതവേതന വിതരണത്തിനായി പിൻവലിച്ചിട്ടുള്ളത്. ഗുണഭോക്താക്കളുടെ അക്വിറ്റൻസ്സ് പ്രകാരം തിരിച്ചടക്കേണ്ട തുക 39,240/-രൂപയാണ് (169800-130560). എന്നാൽ തുക പിൻവലിച്ച ബില്ലിനോടൊപ്പം ഹാജരാക്കിയ രേഖകൾ പ്രകാരം വിതരണം ചെയ്ത തുക 1,36,560/-രൂപയും തിരിച്ചടച്ച തുക 33,240/-(ചെലാൻ നം KL005603787201718/31-8-17) രൂപയുമാണ്. തിരിച്ചടക്കേണ്ട തുകയിൽ 6,000/-(136560-130560) രൂപയുടെ കുറവ് വന്നതിന്റെ കാരണം സൂചിപ്പിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തിരിച്ചടക്കാൻ ശേഷിക്കുന്ന 6,000/-രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി ഒടുക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 7/8-3-19

നിരാകരിക്കുന്ന തുക -6,000/-രൂപ

## 3-6 രേഖകൾ ഹാജരാക്കിയില്ല-ചെലവ് തുക 10000/- രൂപ തടസ്സപ്പെടുത്തുന്നു.

2017-18 ലെ വൗച്ചർ പരിശോധനയിൽ മടത്തിയറ വാർഡ് ഉഗ്രൻ മുക്ക് റോഡ് റിപ്പയറിംഗിനായി (വൗച്ചർനം.49/8-3-18) 10,000/-രൂപ ചെലവഴിച്ചതിന്റെ വൗച്ചറുണ്ടെങ്കിലും ചെലവിന്റെ ഫയലോ എം.ബുക്കോ ഓഡിറ്റിന് ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 10,000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് ഫയൽ ഹാജരാക്കുന്നതിന് അസി.എഞ്ചിനീയർക്ക് കത്ത് നല്കിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറിനം 2/6-3-19
തടസ്സപ്പെടുത്തുന്ന തുക -10,000/-രൂപ

## 3-7 ഓഫീസ് വാഹനത്തിൽ യാത്ര ചെയ്തതിന് ഫുൾ ഡി.എ.കൈപ്പറ്റി -അധികം 1000/- രൂപ.

സെക്രട്ടറി നടത്തിയ യാത്രകളുടെ ബില്ലുകൾ പരിശോധിച്ചതിൽ 7-3-17, 13-3-17, 16-5-17, 26-5-17, 3-7-17 എന്നീ തീയതികളിൽ നടത്തിയ യാത്രകൾക്ക് ദിനബത്ത 400/-രൂപ ക്രമത്തിൽ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധനയിൽ മേൽ ദിവസങ്ങളിലെ യാത്രകൾക്ക് സെക്രട്ടറി ഔദ്യോഗിക വാഹനം ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ മേൽ യാത്രകൾക്ക് 50% ദിനബത്തയായ 200/-രൂപയ്ക്ക് മാത്രമേ അർഹതയുള്ളൂ. അഞ്ചു ദിവസങ്ങളിലെ ദിനബത്തയിനത്തിൽ 1,000/-രൂപ അധികം കൈപ്പറ്റിയത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് തുക തിരികെ ഒടുക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.തുക തിരികെ ഈടാക്കി രേഖാമൂലം വിവരം

അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.2/6.3.19
നിരാകരണം-1,000/-രൂപ

## 3-8 പഞ്ചായത്ത് വാഹന ഉപയോഗം-ലോഗ് ബുക്ക് പരിപാലനത്തിൽ അപാകതകൾ

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്ക് പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോദ്ധ്യപ്പെടേണ്ടതും പരിശോധിച്ച് വിവരം രേഖപ്പെടുത്തേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നുണ്ട്.

ആറ് മാസത്തിലൊരിക്കൽ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറുടെയോ സാന്നിദ്ധ്യത്തിൽ വാഹനത്തിന്റെ ഇന്ധന ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കേണ്ടതാണ്. ഇന്ധനം നിറച്ച തീയതി, ടാങ്കിൽ ആകെയുള്ള ഇന്ധനത്തിന്റെ അളവ് ആ സമയത്തെ കിലോമീറ്റർ റീഡിങ്ങ് ഇന്ധനം നിറയ്ക്കുമ്പോൾ ഹാജരായിട്ടുള്ള ഉദ്യോഗസ്ഥന്റെ പേര് ഒപ്പ് എന്നിവയും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഓഡിറ്റിനായി പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് ഹാജരാക്കിയതിൽ മേൽ നിർദ്ധേശങ്ങളൊന്നും തന്നെ പാലിക്കുകയോ ഇന്ധന ഉപയോഗം സംബന്ധിച്ച പ്രതിമാസ അബ്സ്ട്രാക്റ്റ് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. മേൽ വിഷയത്തിന് നൽകിയ എൻക്വയറിക്ക് നിലവിൽ മേൽ നിർദ്ധേശങ്ങളെല്ലാം പാലിക്കുന്നുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുതാ വിരുദ്ധമായ മറുപടി നൽകിയത് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇതിന്മേൽ സെക്രട്ടറി വിശദീകരണം നൽകേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.2/6.3.19

## 3-9 ഗുണഭോക്തൃസമിതി നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ രേഖകൾ ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

2017-18 വർഷം ഗുണഭോക്തൃ സമിതി നിർവ്വഹണം നടത്തിയ താഴെ കാണുന്ന പ്രവർത്തികളുടെ ഫയലിൽ ഗുണഭോക്തൃ സമിതി മീറ്റിംഗുകളുടെ വിവരം, എഗ്രിമെന്റ്, സൈറ്റ് പ്ലാൻ, എസ്റ്റിമേറ്റ് റിപ്പോർട്ട്, ടാർ ഉൾപ്പെടെയുള്ള സാധനങ്ങൾ വാങ്ങിയ ബിൽ, പ്രവർത്തിയുടെ മസ്റ്റർറോൾ തുടങ്ങി യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിട്ടുള്ള രണ്ട് പ്രവർത്തികൾക്കും ചെലവ് ചെയ്ത 6,12,269/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര്/പ്രോജക്ട് നമ്പർ | ഫണ്ടിനം | കൺവീനർ | ബിൽനമ്പർ/ ബിൽ തുക (രൂപ) |
|---|---|---|---|---|
| 1 | കോട്ടൂർ തോന്നയ്ക്കൽ ഭഗവതിക്ഷേത്രം റോഡ് 93/17-18 | ധനകാര്യ കമ്മീഷൻഗ്രാന്റ് 4,00,000/-രൂപ | ബിന്ദുപ്രസാദ്, പ്രസാദ് ഭവൻ, സദാനന്ദപുരം | 36/17-18/ 10.8.17 3,76,845/- |
| 2 | ഉഗ്രൻകുന്ന് ഭഗവതി ക്ഷേത്രം റോഡ് | മെയിന്റനൻസ് ഫണ്ട് 2,50,000/-രൂപ | ശശിധരൻ, ശ്രീ നിലയം, സദാനന്ദപുരം | 33/17-18/ 10.8.17 2,35,424/- |
| ആകെ | | | | 6,12,269/- |

ഓഡിറ്റ് എൻക്വയറി നം.4/7.3.18

## ഭാഗം-4

### പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 7,00,000 | അങ്കണവാടി പോഷകാഹാരം | 69,99,985 | 15 |
| | | 2,49,000 | | 2,49,000 | 0 |
| | | 4,00,000 | നിരപ്പിൽ അങ്കണവാടി നിർമ്മാണം | 0 | 4,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,00,000 | സാന്ത്വന പരിചരണം | 1,00,000 | 0 |
| | | 1,75,000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,75,000 | 0 |
| | | 17,500 | നെൽകൃഷി വികസനം | 17,500 | 0 |
| | | 4,100 | | 4,100 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ലി.യു.ഡി ഇലക്ട്രിക്കൽ വിഭാഗം | ഹോമിയോ ഡിസ്പെൻസറി വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ ഇലക്ട്രിഫിക്കേഷൻ | 26/17-18 /28.3.18 | 2,44,020 | 0 | 2,44,020 |

പൂർത്തീകരണ വിനിയോഗ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്സ് ലോൺ | 522/2010/ LSGD/07-02-2010 | 2,27,38,500 | 14,91,850 | 14,91,850 | | 0 |

•

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3-6 | 2006-07 | 3-11 (7) | വഴിവിളക്ക് സ്ഥാപിക്കൽ-അപാകത | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 2001-02 | 3-4 | 2006-07 | 3-11 (7) | ലൈൻ എക്സ്റ്റൻഷൻ | |
| 2007-08 | 3-22 | 2010-11 | 5.4.2 | ഗവ.നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി SGSRY പദ്ധതിയിൽ31.3.08ൽ അഡ്വാൻസ് നൽകി | |

**4-8** ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

**4-9** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,66,28,812 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,69,39,938 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,62,444 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 58,26,999 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 1,55,444 | ഐ.അനിതകുമാരി<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-5 | | 6,000 | എസ്.ഷിബു<br>സെക്രട്ടറി |
| 3-7 | | 1,000 | എസ്.ഷിബു<br>സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 2,44,020 | എസ്.ഷിബു<br>സെക്രട്ടറി |
| 3-4 | 49,60,710 | സുരേഷ്.കെ.ജി<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | 10,000 | എസ്.ഷിബു<br>സെക്രട്ടറി |
| 3-9 | 6,12,269 | സുരേഷ്.കെ.ജി<br>അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എസ്.ഷിബു<br>സെക്രട്ടറി | പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ<br>കൊട്ടാരക്കര | നികുഞ്ജം<br>ഇടവെട്ടം<br>കാരുവേലിൽ |
| ഐ.അനിതകുമാരി<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>മൈലം ഗ്രാമപഞ്ചായത്ത് | കൃഷ്ണപ്രിയ<br>ഇഞ്ചക്കാട്<br>മൈലം.പി.ഒ<br>കൊട്ടാരക്കര |
| സുരേഷ് .കെ.ജി<br>അസിസ്റ്റന്റ്എഞ്ചിനീയർ | വള്ളിക്കുന്നം<br>ഗ്രാമപഞ്ചായത്ത് | സുരേഷ് ഭവൻ<br>കൊല്ലോട്.പി.ഒ<br>മലയൻകീഴ് |

**4-10** <u>തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ/കെ.എൽ.എം/പി11/405/18/ 19-03-2018 |
| 1997-98 | കെ.എസ്.എ/കെ.എൽ.എം/പി11/405/18/ 19-03-2018 |
| 1998-99 | കെ.എസ്.എ/കെ.എൽ.എം/പി11/405/18/ 19-03-2018 |
| 1999-00 | കെ.എസ്.എ/കെ.എൽ.എം/പി11/405/18/ 19-03-2018 |
| 2000-01 | കെ.എസ്.എ/കെ.എൽ.എം/പി11/405/18/ 19-03-2018 |

| | |
|---|---|
| 2001-02 | കെ.എസ്.എ/കെ.എൽ.എം/പി11/405/18/ 19-03-2018 |
| 2002-03 | കെ.എസ്.എ/കെ.എൽ.എം/പി11/405/18/ 19-03-2018 |
| 2003-04 | കെ.എസ്.എ/കെ.എൽ.എം/പി11/405/18/ 19-03-2018 |
| 2004-05 | കെ.എസ്.എ/കെ.എൽ.എം/പി11/405/18/ 19-03-2018 |
| 2005-06 | കെ.എസ്.എ/കെ.എൽ.എം/പി11/405/18/ 19-03-2018 |
| 2006-07 | എൽ.എഫ്.ക്യു.പി3/1244/14(12)/16-06-14 |
| 2007-08 | എൽ.എഫ്.ക്യു.പി3/1244/14(13)/16-06-14 |
| 2008-09 | എൽ.എഫ്.ക്യു.പി3/1244/14(14)/16-06-14 |
| 2009-10 | എൽ.എഫ്.ക്യു.പി3/1244/14(15)/16-06-14 |
| 2010-11 | എൽ.എഫ്.ക്യു.പി3/1244/14(16)/16-06-14 |
| 2011-12 | എൽ.എഫ്.ക്യു.പി3/1650/2013/05-06-2014 |
| 2012-13 & 2013-14 | കെ.എസ്.എ/കെ.എൽ.എം/പി-3/1042/2015/ 11-11-15 |
| 2014-15 & 2015-16 | കെ.എസ്.എ/കെ.എൽ.എം/പി-7/1184/16/ 03-08-16 |
| 2016-17 | കെ.എസ്.എ/കെ.എൽ.എംപി-11/1820/2017/ 20-11-15 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## അനുബന്ധം-1

ഓഡിറ്റ്സാക്ഷ്യപത്രം

നം.കെ.എസ്.എ.കെ.എൽ.എം.-പി 11/417/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
ഫോൺ. 0474-2740141
E-mail: doklm.ksad@kerala.gov.in
തീയതി-8.5.2019

## ഓഡിറ്റ് സാക്ഷ്യപത്രം 2017-18

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-2

### അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം,കൊല്ലം.